**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **12-01-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര ഏജൻസികളുടെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീ വി. കെ. സി. മമ്മത് കോയ,<br>ശ്രീ . പി . കെ . ശശി ,<br>ശ്രീ. പി.വി.അൻവർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഒരു പ്രഥമവിവര റിപ്പോർട്ട് പോലുമില്ലാതെ സംസ്ഥാന സർക്കാരിന്റെ ഏത് സ്ഥാപനത്തിന്റെയും പ്രവൃത്തിയിലിടപെടാനും ഉദ്യോഗസ്ഥരെയും ഉന്നത പദവി വഹിക്കുന്നവരെയും വിളിച്ച് വരുത്താൻ അധികാരമുണ്ടെന്ന് പ്രസ്താവിക്കുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ ഇത്തരം ഓരോ കേന്ദ്ര അന്വേഷണ ഏജൻസികളുടെയും നിർവചിച്ചിട്ടുള്ള അധികാര പരിധി പരിശോധിച്ച് അറിയിക്കാമോ; | (എ) | ഓരോ കേന്ദ്ര അന്വേഷണ ഏജൻസിയുടെയും അധികാര പരിധി ബന്ധപ്പെട്ട ആക്ടിൽ തന്നെ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ വിമാനത്താവളങ്ങൾ വഴിയുള്ള കള്ളക്കടത്തുകൾ ഗൗരവത്തിലെടുത്ത് ഉചിതമായ ഏജൻസിയെ കൊണ്ടന്വേഷിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് ചില കേന്ദ്ര ഏജൻസികൾ നടത്തിയ അന്വേഷണം ശരിയായ ദിശയിലല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് . |
| (സി) | രഹസ്യമൊഴികളായി ഏജൻസികൾ കോടതിയിൽ സമർപ്പിക്കുന്നവ അതേപടി മാധ്യമങ്ങളിൽ വരുന്നത് ഇത്തരം അന്വേഷണ ഏജൻസികൾ നിയമാനുസൃതമായും സ്വതന്ത്രമായുമല്ല പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുന്നതിനാൽ ഉചിതമായ നടപടിക്ക് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് അന്വേഷണ ഏജൻസികൾ സ്വയമേവ തിരുത്തൽ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം കോടതികളുടെ ഭാഗത്തുനിന്നുള്ള ഇടപെടലുകളാണ് ഉണ്ടാകേണ്ടത്. |
| (ഡി) | ഇത്തരം അന്വേഷണ ഏജൻസികളുടെ ഓഫീസുകളിൽ സി.സി.ടി.വി. സ്ഥാപിക്കണമെന്ന സുപ്രീം കോടതി വിധി സംസ്ഥാനത്ത് പാലിക്കപ്പെടണമെന്ന് ആവശ്യപ്പെടുമോ; | (ഡി) | ഇത്തരം ഓഫീസുകൾ കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലാകയാൽ കൂടുതൽ പരിശോധന ആവശ്യമുണ്ട്. |
| (ഇ) | ചില കേന്ദ്ര അന്വേഷണ ഏജൻസികൾ സംസ്ഥാന ഭരണം അട്ടിമറിക്കാനുള്ള ഗൂഢാലോചനയിൽ | (ഇ) | ഇത്തരം അന്വേഷണ ഏജൻസികൾക്ക് ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിനെ |

| | | | |
|---|---|---|---|
| | പങ്കാളികളെന്ന് സംശയിക്കപ്പെടുന്ന സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥരുടെ ഫോൺവിളികൾ ഉൾപ്പെടെ നിയമവിധേയമായി നിരീക്ഷിക്കുന്ന കാര്യം പരിശോധിക്കുമോ? | | അട്ടിമറിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല. ആയതിനാൽ ഫോൺ വിളികൾ നിരീക്ഷിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ